# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 15, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

28 (*241) വരൾച്ച ദുരന്ത നിവാരണ അതോറിറ്റി

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, വരൾച്ച സംബന്ധിച്ച് ദുരന്ത നിവാരണ അതോറിറ്റി 2012 ആഗസ്റ്റ് മാസത്തിൽ നടത്തിയ അവലോകനത്തിൽ കേരളം വരൾച്ച ബാധിതമാകുവാനുള്ള സാധ്യത വെളിവായിരുന്നുവെന്ന് സഭയെ അറിയിച്ചു. ദുരന്തസാധ്യതാ അപഗ്രഥന വിഭാഗം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര മാനദണ്ഡങ്ങൾ (ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെയും കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും) അനുസരിച്ച് 2012 സെപ്റ്റംബറിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകളെ വരൾച്ച ബാധിതമായി പ്രഖ്യാപിക്കുകയും ആഗസ്റ്റ് മാസത്തിലെ മഴയുടെ സ്വഭാവം വിലയിരുത്തി തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ കാലഘട്ടത്തിൽത്തന്നെ രണ്ട് ജില്ലകൾകൂടി തീവ്രമായ വരൾച്ചയിലേയ്ക്ക് കടക്കുമെന്ന് നിരീക്ഷിക്കുകയും ഈ നിരീക്ഷണങ്ങൾ സെപ്റ്റംബർ 6-ാം തീയതി ദുരന്തനിവാരണ അതോറിറ്റി

യോഗം വിലയിരുത്തുകയും ചെയ്തിരുന്നു. തുടർന്ന് നവംബർ മാസത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെയും വടക്കുകിഴക്കൻ കാലവർഷത്തിന്റെയും മഴയുടെ തോതുകളിലുള്ള കുറവും ഭൂഗർഭ ജലത്തിന്റെയും അണക്കെട്ടുകളിലെ ജലത്തിന്റെയും അളവ് പരിഗണിച്ച് കേരളം പൂർണ്ണതോതിലുള്ള തീവ്രമായ വരൾച്ചയെ നേരിടുവാൻ പോകുകയാണെന്ന് വിലയിരുത്തി ഡിസംബർ 19-ാം തീയതി ചേർന്ന ദുരന്ത നിവാരണ അതോറിറ്റി യോഗം കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിക്കുകയും വരൾച്ച പ്രതിരോധിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നാഷണൽ കലാമിറ്റി റിലീഫ് റൂൾസിന് വിധേയമായി മെമ്മോറാണ്ടം തയ്യാറാക്കി നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച് പരാമവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വരൾച്ച മൂലം 18730 ഏക്കർ കൃഷി നാശവും 7795 കോടി രൂപയുടെ നഷ്ടവും പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് 12-2-2013-വരെ 305,787.3 ഹെക്ടർ പ്രദേശം വരൾച്ച ബാധിതമായിട്ടുണ്ട്. ജില്ലകളിൽ കുടിവെള്ളം എത്തിക്കുന്നതിനും മറ്റുമായി ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുകയും 85 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തടയണകൾ കെട്ടുന്നതിനും മണൽച്ചാക്ക് ഇട്ട് താത്കാലിക തടയണ കെട്ടുന്നതിനുമായി വാട്ടർ അതോറിറ്റിക്ക് 79 കോടി രൂപയും കുളങ്ങൾ കുഴിക്കുന്നതിനും കുഴൽക്കിണറുകൾ നന്നാക്കുന്നതിനും, പുതിയ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനുമായി ഭൂഗർഭ ജല അതോറിറ്റിക്ക് 13 കോടി രൂപയും അനുവദിച്ചി

ട്ടുണ്ട്. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് യഥാക്രമം 5 ലക്ഷം രൂപ, 10 ലക്ഷം രൂപ, 25 ലക്ഷം രൂപ എന്നിങ്ങനെ തുക ചെലവഴിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനെ ശക്തിപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മഴക്കുഴികളും മഴവെള്ള സംഭരണികളും നിർമ്മിക്കുന്നതിനും ദീർഘകാല വീക്ഷണത്തോടെ നടപടികൾ സ്വീകരിക്കുന്നതാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കാൻ നദീതീര സംരക്ഷണ നിയമത്തിന് ഭേദഗതി ആവശ്യമാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

29 (* 242 &*244) <u>മിച്ചഭൂമി വിതരണത്തിലെ അപാകതകൾക്ക് പരിഹാരം</u>

റവന്യൂവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഭൂരഹിതരായ ആളുകൾക്ക് ഭൂമി കണ്ടെത്തിക്കൊടുക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രഥമ പരിഗണനയെന്നും പാട്ടക്കരാറുകൾക്കു വിരുദ്ധമായി റവന്യൂ വകുപ്പ് നൽകിയിട്ടുള്ള തോട്ടങ്ങളിൽ ഭൂമി കൃഷിചെയ്യാതെ തരിശ്ശിടുകയാണെങ്കിൽ അത് ഏതു നിയമപ്രകാരമാണോ പാട്ടത്തിനു നൽകിയത് ആ നിയമപ്രകാരം തന്നെ തിരികെ ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ചു നൽകുമെന്നും സഭയെ അറിയിച്ചു. കേരളത്തിലെ പ്രത്യേക ഭൂപ്രകൃതി കാരണം വിവിധ ജില്ലകളിൽ മിച്ചഭൂമിയായി ഏറ്റെടുത്ത് ഭൂമി പതിച്ചു നൽകിയതിൽ ചിലത് കീഴ്ക്കാംതൂക്കായതും പാറക്കെട്ടുനിറഞ്ഞതും വെള്ളം ലഭ്യമാകാത്തതും വനാതിർത്തിയോട് ചേർന്നതും ശക്തമായ കാറ്റു വീശുന്നതും വന്യമൃഗങ്ങളുടെ ശല്യമുള്ളതും വെള്ളക്കെട്ട് നിറഞ്ഞതും മാലിന്യ പ്രശ്ന

ങ്ങളുള്ളതുമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവുമൂലം ഗുണഭോക്താക്കൾ ഭൂമി ഏറ്റെടുക്കാതിരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ട്. 2012 ആഗസ്റ്റിൽ ഭൂരഹിതരെ കണ്ടെത്തുന്നതിനായി അപേക്ഷകൾ സ്വീകരിച്ച് 2015-ഓടുകൂടി എല്ലാവർക്കും ഭൂമി കണ്ടെത്തി ക്കൊടുക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2013 ഓഗസ്റ്റ് 15-ന് മുമ്പ് ഒരുലക്ഷം ആളുകൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽനിന്ന് അപേക്ഷ സ്വീകരിക്കു ന്ന തീയതി 2013 ഫെബ്രുവരി 15 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. അപേക്ഷകൾ പരിഗണിച്ച് അർഹതപ്പെട്ടവർക്ക് ഭൂമി കൊടുക്കുന്നതോടൊപ്പം വിവിധ വകു പ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വീട് നിർമ്മിച്ചുകൊടുക്കണമെന്ന നിർദ്ദേ ശവും പരിഗണിക്കുന്നതാണ്. താലൂക്ക് ലാൻഡ് ബോർഡിന്റെ പരിഗണനയി ലുള്ള 1293 കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരി ക്കുന്നതോടൊപ്പം കാലാവധി കഴിഞ്ഞതും പാട്ടക്കരാർ ലംഘിച്ചതുമായ ഭൂമി തിരിച്ചുപിടിക്കുന്ന കാര്യം നിയമാനുസൃതം പരിശോധിക്കുന്നതാണ്. കയ്യേറ്റത്തെ പ്രോത്സാഹിപ്പിക്കില്ലെന്നും 'റിയ' എസ്റ്റേറ്റ് പാട്ടക്കരാർ ലംഘിച്ച് അനധികൃതമായി കൈവശം വച്ചിരിക്കുന്നതാണോയെന്ന് പരിശോധി ക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

30 (*243) <u>റോഡിലെ അപകട നിവാരണത്തിനും സുരക്ഷയ്ക്കും പദ്ധതി</u>

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ 14 ജില്ലകളിലും നടത്തിയ റോഡ്

സേഫ്റ്റി ഓഡിറ്റ് പ്രകാരം റോഡുകളിലെ അപകടനിവാരണത്തിനും സുരക്ഷയ്ക്കും വേണ്ടി 589.99 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് സഭയെ അറിയിച്ചു. റോഡപകടങ്ങൾ കുറയ്ക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിങ്ങുകൾ, സൈൻ ബോർഡുകൾ, ഡയറക്ഷൻ ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, ഹമ്പുകൾ, റിഫ്ളക്ടറുകൾ, റമ്പിൾ സ്ട്രിപ്പുകൾ തുടങ്ങിയ റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, ജ്യോമട്രിക്സ് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നീ കാര്യങ്ങളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഡ്രൈവർമാർ, കാൽനടയാത്രക്കാർ, റോഡു സൈഡിലെ താമസക്കാർ, സ്കൂൾകുട്ടികൾ എന്നിവർക്ക് ആവശ്യമായ ബോധവത്കരണം നടത്തുക, ട്രാഫിക് എൻഫോഴ്സ്മെന്റ് നടത്തുക, ട്രോമാകെയർ, എമർജൻസി റസ്പോൺസീവ് എന്നിവയും ഇതിന്റെ ഭാഗമാണ്. സംസ്ഥാനത്ത് റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനും, റോഡ് സുരക്ഷാ ഫണ്ട് ഏർപ്പെടുത്തുന്നതിനുമായി 2007-ൽ കേരള റോഡ് സുരക്ഷാ നിയമം നിലവിൽ വരികയും അതനുസരിച്ചുള്ള സുരക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി.-II പദ്ധതിയിൽ റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള റോഡ്, സേഫ് കോറിഡോർ ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുൾപ്പെടെ മറ്റു റോഡ് സുരക്ഷാക്രമീകരണങ്ങൾക്ക് ഈ പദ്ധതിയിൽ 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തുടനീളം സേഫ്റ്റി ഓഡിറ്റ് നടത്തി ബ്ലാക് സ്പോട്ടുകൾ കണ്ടെ

ത്തുകയും അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2007-ലെ കേരള റോഡ് സേഫ്റ്റി ആക്ട് പ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ പോലീസ് സൂപ്രണ്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദേശീയപാത), റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, റോഡ് സുരക്ഷാ വിദഗ്ദ്ധർ എന്നിവർ അംഗങ്ങളായും ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റി സമയാസമയം നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുകയാണ് ഈ സമിതിയുടെ ലക്ഷ്യം. അനധികൃതമായി ബസ് ബേകൾ നിർമ്മിക്കുന്നത് റോഡ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതിനാൽ അവ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുമെന്നും മുണ്ടൂരിലെ റോഡിന്റെ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ഒരു കത്ത് നൽകിയിട്ടുണ്ടെന്നും ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത 368 ചോദ്യങ്ങളിൽ 47 എണ്ണത്തിനുമാത്രമേ ഉത്തരങ്ങൾ വന്നിട്ടുള്ളൂ എന്നതിനാൽ കൃത്യമായി മറുപടി നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ചോദ്യോത്തരവേളയിലെ ശ്രീ. സി.പി. മുഹമ്മദിന്റെ 'പൊട്ടൻ പുട്ട് വിഴുങ്ങിയതു പോലൊരു സംഭവ' മെന്ന പരാമർശം സംബന്ധിച്ച് ശ്രീ. മാത്യു റ്റി. തോമസ് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത പരാമർശം പിൻവലിക്കേ

ണ്ടതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയും തുടർന്ന് ശ്രീ. സി.പി. മുഹമ്മദ് എം. എൽ. എ. പരാമർശം പിൻവലിക്കുകയും ചെയ്തു.)

(നക്ഷത്രചിഹ്നമിട്ട ബാക്കി 245 മുതൽ 270 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2875 മുതൽ 3242 വരെയുള്ള ചോദ്യങ്ങളിൽ 47 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.